# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P10)877/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-18 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P10)877/21 തീയ്യതി: 05/07/2021

## തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ ടി ഓഡിറ്റ് ഓഫീസർ( 21.06.21,22.06.21,25.06.21,28.06.21ഒഴികെ)

ശ്രീ സിജു പി ഡാംസൺ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (21.06.21,22.06.21ഒഴികെ)

ശ്രീ സലീഷ് എം ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(21.06.21,22.06.21ഒഴികെ)

ശ്രീമതി സുമിത ടി എസ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(21.06.21,22.06.21ഒഴികെ)

ശ്രീമതി ധന്യ ദിലീപ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കാർത്തിക ജയൻ | പ്രസിഡന്റ് | 01-04-2019 | 10-10-2019 |
| പി.ഡി.നെൽസൺ | പ്രസിഡന്റ് | 10-10-2019 | 10-01-2020 |
| കാർത്തിക ജയൻ | പ്രസിഡന്റ് | 10-01-2020 | 31-03-2020 |
| അജിത കെ | സെക്രട്ടറി | 01-04-2019 | 26-12-2019 |
| സുരേഷ്കുമാർ.ടി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോൺസി.ടി.ജെ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.രാജീവ്.കെ.ആർ | വെറ്റേറിനറി സർജൻ | 01-04-2019 | 31-03-2020 |
| രേണുക .പി. വി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| മഞ്ജുള ബോസ് | അസി.സെക്രട്ടറി | 01-04-2019 | 31-05-2019 |
| രമാദേവി .പി | അസി.സെക്രട്ടറി | 01-06-2019 | 24-07-2019 |
| സുരേഷ്കുമാർ.ടി.കെ | അസി.സെക്രട്ടറി | 25-07-2019 | 31-03-2020 |
| ഡോ.കെ.ജി.ശിവരാജൻ | മെഡിക്കൽ ഓഫീസർ(ഹെൽത്ത്) | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു.ജി.നായർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| അജിത് മോഹൻ എൻ .കെ | കൃഷി ഓഫീസർ | 01-04-2019 | 18-02-2020 |
| സുരേഷ് വി. വി | കൃഷി ഓഫീസർ | 18-02-2020 | 31-03-2020 |
| ശ്രുതി .ടി.റാംമോഹൻ | ഐ സി ഡി എസ് | 01-04-2019 | 19-12-2019 |
| ഹൃദ്യ .എൻ | ഐ സി ഡി എസ് | 19-12-2019 | 31-03-2020 |
| അഭിലാഷ് മോഹൻ | വി.ഇ ഒ. നന്തിക്കര | 01-04-2019 | 10-07-2019 |
| രാഗി എം.യു | വി.ഇ ഒ. നന്തിക്കര | 10-07-2019 | 31-03-2020 |
| അഭിലാഷ് മോഹൻ | വി.ഇ ഒ. പറപ്പൂക്കര | 01-04-2019 | 26-06-2019 |
| രാഗി എം.യു | വി.ഇ ഒ. പറപ്പൂക്കര | 26-06-2019 | 10-07-2019 |
| ജാസ്മിൻ സി. എ | വി.ഇ ഒ. പറപ്പൂക്കര | 10-07-2019 | 31-03-2020 |
| അനില ടി. തെയ്യസ്സാൻചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 30-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 1-4 |
| 5 | ക്ഷേമപെൻഷനുകൾ<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 28-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 28-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 28-06-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 28-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ- പത്രിക സമർപ്പിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-10 |
| 11 | വസ്തു നികുതി ഡിമാന്റ് എൻട്രികൾ- വർഷാരംഭത്തിലും വർഷാവസാനത്തിലും മാത്രം<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-11 |
| 12 | വസ്തുനികുതി റെസിഡെൻഷ്യൽ -വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-12 |
| 13 | വസ്തുനികുതി നോൺ റെസിഡെൻഷ്യൽ -വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-13 |
| 14 | വസ്തു നികുതി റെസിഡെൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-14 |
| 15 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)- | 1-15 |

| | | |
|---|---|---|
| | ഡിമാന്റ് തുക വ്യത്യാസം<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 30-06-2021) | 1-16 |
| 17 | വസ്തു നികുതി മുൻകൂർ കളക്ഷൻ-രജിസ്റ്ററും ബാലൻസ് ഷീറ്റും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-17 |
| 18 | വസ്തുനികുതി- ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-06-2021) | 1-18 |
| 19 | രേഖകളില്ലാതെ ജേണൽ എൻട്രികൾ- ചെലവ് എഴുതിതള്ളലും വരുമാനമായി ക്രമീകരിക്കലും.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 30-06-2021) | 1-19 |
| 20 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-20 |
| 21 | കാലാവധി കഴിഞ്ഞ ചെക്കുകൾ -" Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 29-06-2021) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-22 |
| 23 | ബാങ്കിൽ നിക്ഷേപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്യപ്പെടാത്ത തുക<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 29-06-2021) | 1-23 |
| 24 | ജേണൽ എൻട്രികൾക്ക് വൌച്ചർ അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-24 |
| 25 | ഇകിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൌതികപരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-25 |
| 26 | വാർഷികകണക്കിലെ വാടക ഇനത്തിലുള്ള തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-26 |
| 27 | ഉപയോഗിക്കാത്ത രസീതികൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 29-06-2021) | 1-27 |
| 28 | തൊഴിൽ നികുതി<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 29-06-2021) | 1-28 |
| 29 | | 1-29 |

| | | |
|---|---|---|
| | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 30-06-2021) | |
| 30 | വസ്തുനികുതി നിർണ്ണയം-അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 30-06-2021) | 1-30 |
| 31 | അനധികൃത കെട്ടിടങ്ങൾ-രജിസ്റ്ററിലെയും സഞ്ചയയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya Dhileep (Auditor, On 29-06-2021)<br>Last Updated By: Dhanya Dhileep (Auditor, On 29-06-2021) | 1-31 |
| 32 | അംഗീകൃത വാടക ബൈലോ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-32 |
| 33 | ലൈസൻസ് -പെട്രോൾ പമ്പുകളിൽ നിന്ന് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-33 |
| 34 | ലൈസൻസ് വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-06-2021) | 1-34 |
| 35 | പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സ് വാടകക്കാർ ലൈസൻസ് എടുത്തിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-06-2021) | 1-35 |
| 36 | ഹീമോഫീലിയ രോഗികൾക്ക് ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകിയത് -സർക്കാർ ഉത്തരവ് വാങ്ങേണ്ടതാണ്.<br>Written By: Sheena K T (Audit Officer, On 28-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-36 |
| 37 | അനുവദിക്കാവുന്നപരമാവധി സബ്സിഡി തുക ഗ്രാമപഞ്ചായത്ത്നിശ്ചയിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-37 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 29-06-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-06-2021) | 1-38 |
| 39 | പദ്ധതി നടത്തിപ്പിൽ ഗുണഭോക്തൃവിഹിതം വിനിയോഗിച്ചില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-39 |
| 40 | ജി എസ് ടി - കരാറുകാർ ഇൻവോയ്സ് ഹാജരാക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-40 |
| 41 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 1-41 |
| 42 | ജനറൽ കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-42 |

| | | |
|---|---|---|
| | Written By: Sheena K T (Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 02-07-2021) | |
| 43 | വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-06-2021) | 1-43 |
| 44 | സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർഫിൽറ്റർ സ്ഥാപിക്കൽ -വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 29-06-2021) | 1-44 |
| 45 | കുടിവെള്ള വിതരണം -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 29-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-45 |
| 46 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി പ്രവൃത്തികൾ -കരാർ ചമച്ചതിലെ അപാകതകൾ<br>Written By: Sumitha T.S (Asst. Audit Officer, On 30-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-46 |
| 47 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 30-06-2021)<br>Last Updated By: Sheena K T (Audit Officer, On 02-07-2021) | 1-47 |
| 48 | പോങ്കോത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ അപാകതകൾ<br>Written By: Sumitha T.S (Asst. Audit Officer, On 30-06-2021)<br>Last Updated By: Sheena K T (Audit Officer, On 05-07-2021) | 1-48 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക അനുവദിച്ചു.<br>Written By: Sheena K T (Audit Officer, On 01-07-2021)<br>Last Updated By: Sheena K T (Audit Officer, On 02-07-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 01-07-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 28-06-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 28-06-2021) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 29-06-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 27-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sumitha T.S (Asst. Audit Officer, On 02-07-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 21-06-2021)<br>Last Updated By: Sheena K T (Audit Officer, On 21-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 208545322.45 | 235900944 |
| ചെലവ് | 195776453 | 222390531 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 25-2-2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 24.3.20 തീയതിയിലെ 1(2) ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31-7-20 | 04-01-21 * | | |

* (ഓൺലൈൻ ആയി സമർപ്പിച്ച തിയതി)

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21262237.15 |
| വരവ് | 71571160 |
| ആകെ | 92833397.15 |
| ചെലവ് | 61138668 |
| നീക്കിയിരിപ്പ് | 31694729.15 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21417782 | 21417782 | 11043296 | 10374486 |
| വികസനഫണ്ട്-എസ് സി പി | 0 | 15333059 | 15333059 | 10410305 | 4922754 |
| വികസനഫണ്ട്-ടിഎസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൽസ് റോഡ് | 0 | 15611000 | 15611000 | 5861274 | 9749726 |
| മെയിന്റനൽസ്-റോഡ് ഇതരം | 0 | 3903000 | 3903000 | 1392881 | 2510119 |
| സെൻട്രസ് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്0 | 0 | 10064481 | 10064481 | 5402706 | 4661775 |

## 1-5 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| വിധവാ പെൻഷൻ | 8338800 | 71 |
| വാർദ്ധക്യകാലപെൻഷൻ | 16403700 | 305 |
| വികലാംഗപെൻഷൻ | 2719900 | 23 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 696000 | 3 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 227 | 109453035 | 113 | 43417854 | 113 | 1 | 49.7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2021 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45691/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7284 | 1367722 | 1375006 | 1338825 | 36181 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15983619 | 15983619 | 15983619 | 0 |

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണ ഉദ്യോഗസ്ഥരുമായി പദ്ധതികളുടെ നിർവഹണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ , രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പദ്ധതി ഫയലുകളിൽ പദ്ധതികളുടെ അവലോകന റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ രസീത് പദ്ധതി ഫയലുകളിൽ സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പദ്ധതി മാർഗരേഖാ നിബന്ധന കൃത്യമായി പാലിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം ഒഴിവാക്കി, കൃത്യമായ അർഹതാ മുൻഗണനാക്രമം പാലിക്കേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ- പത്രീക സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി ഡിമാന്റ് എൻട്രികൾ- വർഷാരംഭത്തിലും വർഷാവസാനത്തിലും മാത്രം

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 248പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ (വർഷാരംഭത്തിലും വർഷാവസാനവും) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ്

ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി റെസിഡെൻഷ്യൽ -വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29,68,611 | 28,38,175 | ------ | 1,29,196 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29,68,611 | 27,35,995 | 92,440 | *1,37,092 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1,43,947 /105X100)= 1,37,092 |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തുനികുതി നോൺ റെസിഡെൻഷ്യൽ - വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 19,96,826 | 17,89,311 | ..... | 2,07,458 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19,96,826 | 17,33,096 | 57,027 | *2,10,497 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 2,21,022 /105X100)=2,10,497 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ,മുൻകൂർക്രമീകരിച്ചത്,ബാക്കി എന്നിവ വാർഷികകണക്കും രജിസ്റ്ററും തമ്മിൽപൊരുത്തപ്പെടുന്നില്ല.മാത്രമല്ല"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി റെസിഡെൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8125 | --- | 8125 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *13,067 | ---- | **8125 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5,153+8,567=13,720/105*100)=13,067 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (8543/105X100)=8136, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

ഡിമാന്റ് തുക വാർഷികകണക്കുകളും രജിസ്റ്ററും തമ്മിൽപൊരുത്തപ്പെടുന്നില്ല.മാത്രമല്ല"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് തുക വ്യത്യാസം

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,12,530 | 47,880 | 64,650 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *65,598 | 47,880 | **64,650 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (15,094.+53,784=68,878/105*100)=65,598 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ** (67,884/105X100)=64,650. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുക വാർഷികകണക്കുകളും രജിസ്റ്ററും തമ്മിൽപൊരുത്തപ്പെടുന്നില്ല.

## 1-16 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 151557 | 418 | 1,51,975 | 144765 | -- | 1,44,765 | --- | | 5949 | 418 | 6367 |
| | നോൺ-റെസിഡൻഷ്യൽ | 101445 | 5628 | 1,07,073 | 90027 | 2394 | 92421 | | | 10081 | 3234 | 13315 |
| | ആകെ | 2,59,048 | | | 2,37,186 | | | | ----- | 19,682 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | | 2,59,286 | | | 2,28,704 | | | -- | 2,37,553 | 21,733 | | |
| | | 3,937+2,55,349 | | | (റസീറ്റ് & പേയ്മെന്റ് | | | | (431910101 - | | | |

| | | | | | |
|---|---|---|---|---|---|
| പ്രകാരം | =2,59,286 (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State Govt . Cess/Levies...... ലെഡ്ജർ 2019-20) | പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | State Govt . Cess/Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ലൈബ്രറി സെസ്സ് ഡിമാന്റ് ,കളക്ഷൻ ,നീക്കിയിരിപ്പ് എന്നിവ വാർഷികകണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,28,704 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,37,186 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 2,37,553 രൂപയാണ്.(വൌച്ചർ 41900282,41900286,41900300 തീ 31/3/20 (247+1,39,184+87,126+2,394+8,602=2,37,553))(പട്ടിക 2.3 കാണുക )

## 1-17 വസ്തു നികുതി മുൻകൂർ കളക്ഷൻ-രജിസ്റ്ററും ബാലൻസ് ഷീറ്റും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6,719 | ഇല്ല |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2,089 | ഇല്ല |

## 1-18 വസ്തുനികുതി- ഇല്ലാത്ത മുൻകൂർ തുക ക്രമീകരിച്ചു.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം

ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. അല്ലാതെ മുൻവർഷങ്ങളിൽ ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3929 | 92,440 |

## 1-19 രേഖകളില്ലാതെ ജേണൽ എൻട്രികൾ- ചെലവ് എഴുതിതള്ളലും വരുമാനമായി ക്രമീകരിക്കലും.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income - Property Tax On Residential Buildings | 94,777 |
| 280100102-Prior Period Income-Profession Tax - Institutions/Professionals/Traders | (2500) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 10,094 |

## 1-20 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,04,32,492 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,72,38,970രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-21 കാലാവധി കഴിഞ്ഞ ചെക്കുകൾ -" Liability In Respect Of Stale Cheque” എന്ന

## ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| ബാങ്ക് ഓഫ് ഇന്ത്യ-MG NREGS | 030465 | 31/3/2019 | 590 |
| ബാങ്ക് ഓഫ് ഇന്ത്യ-MG NREGS | 030466 | 31/3/2019 | 380 |

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 ബാങ്കിൽ നിക്ഷേപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്യപ്പെടാത്ത തുക

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 4200 രൂപ “Cheques Deposited But Not Collected” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങൾ/മാസങ്ങൾ കഴിഞ്ഞിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| സഹകരണ ബാങ്ക് തനത് | 91500001 | 12/10/2015 | 553 |
| സഹകരണ ബാങ്ക് തനത് | 3647 | 28/01/2010 | 3647 |
| | | | 4200 |

## 1-24 ജേണൽ എൻട്രികൾക്ക് വൌച്ചർ അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൌതികപരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 14,020രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് ഇനത്തിൽ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-26 വാർഷികകണക്കിലെ വാടക ഇനത്തിലുള്ള തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ വാടക ഇനത്തിലുള്ള തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

മുറി വാടക (തൻവർഷം)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 5,28,588 | 3,96,950 | -- | -- | 1,31,638 |
| രജിസ്റ്റർ പ്രകാരം | 5,04,588 | 3,96,950 | -- | -- | 1,08,730 |

മുറി വാടക (കുടിശ്ശിക)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| വാർഷികകണക്കുകൾ പ്രകാരം | 33,075 | 33,075 | -- | | ---- |
| രജിസ്റ്റർ പ്രകാരം | കുടിശ്ശിക കണക്കുകൾ രജിസ്റ്ററിൽ പ്രത്യേകം ചേർത്തിട്ടില്ല. | | | | |

ആയത് പൊരുത്തപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഉപയോഗിക്കാത്ത രസീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്തിൽ നിന്നും നൽകിയ രസീതി ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിച്ച രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|
| 60435 | 74 മുതൽ 100 വരെ |
| 60433 | 33 മുതൽ 100 വരെ |
| 60424 | 79 മുതൽ 100 വരെ |
| 60431 | 61 മുതൽ 100 വരെ |
| 60434 | 75 മുതൽ 100 വരെ |
| 60427 | 11മുതൽ 97 വരെ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 6 , തീയതി :25/06/2021) മറുപടി ലഭ്യമായിട്ടില്ല. സാമ്പത്തികവർഷാന്ത്യത്തിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 1-28 തൊഴിൽ നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റോഫീസ്, നന്തിക്കര | I, II |
| 2 | ക്ഷീര വ്യവസായ സഹകരണസംഘം, തൊട്ടിപ്പാൾ | I, II |

നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ : 7 , തീയതി :25/06/2021)

## 1-29 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച പരാമർശം 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.7/25.06.2021) 2020-21 സാമ്പത്തിക വർഷത്തിലാണ് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തീരുമാനം ഉണ്ടായിട്ടുള്ളതെന്നും അതിൻപ്രകാരം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെന്നും 2019-20 സാമ്പത്തികവർഷത്തെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 വസ്തുനികുതി നിർണ്ണയം-അപാകതകൾ

35.91 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം (കെട്ടിടനമ്പർ .XVI/442A) ഓഫീസ് ഉപയോഗത്തിനുള്ളവ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി നിർണ്ണയിച്ചപ്പോൾ പഞ്ചായത്ത് നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതി നിരക്കുകളിൽ ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) എന്ന വിഭാഗത്തിന് ചതുരശ്ര മീറ്ററിന് 50 രൂപയാണ്. എന്നാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയിരിക്കുന്നത് ഒരു ചതുരശ്ര മീറ്ററിന് 30 രൂപ എന്ന നിരക്കിലാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി കെട്ടിടത്തെ എഫ് ഗണത്തിൽ ഉൾപ്പെടുത്തി പെർമ്മിറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി വാണിജ്യ കെട്ടിടങ്ങൾക്കുള്ള നിരക്കിൽ നിർണ്ണയിച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .പെർമ്മിറ്റ് നൽകുന്നതിന് മാത്രമാണ് 300 എം2 താഴെയുള്ള ഓഫീസ് കെട്ടിടങ്ങളെ വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നത്. വസ്തു നികുതി നിർണ്ണയത്തിൽ സ്ഥാപനം ഓഫീസ് ആയതിനാൽ ആ വിഭാഗത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്.കുറവ് വന്ന നികുതി ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ: 12 , തീയതി :28/06/2021)

## 1-31 അനധികൃത കെട്ടിടങ്ങൾ-രജിസ്റ്ററിലെയും സഞ്ചയയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

സഞ്ചയയിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ അനധികൃത കെട്ടിടങ്ങൾ 13 എണ്ണവും പഞ്ചായത്തിൽ സൂക്ഷിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ കെട്ടിടങ്ങൾ 17 എണ്ണവും ആകുന്നു.

| ക്രമ നമ്പർ | മേൽവിലാസം | കെട്ടിടനമ്പർ |
|---|---|---|
| 1 | രാധിക,മുണ്ടക്കൽ, ആമ്പല്ലൂർ | X/183B(Old) XII/97 (New)UA |
| 2 | രമേഷ്, രാജ് ഹൗസ്, നന്തിക്കര | IV/517B UA |
| 3 | കെ.പി.ജോസഫ്, കുത്തോടിയിൽ | IV/100 UA |
| 4 | ഷാജി, ചുള്ളിപ്പറമ്പിൽ | V/406 UA |
| 5 | ബൈജു, ചെറുവത്തൂർകാട, നെടുമ്പാൾ | XVI/61 UA |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നാൽ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുമുണ്ട്. ടി കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ, ഇല്ലെങ്കിൽ ഇവയിൽനിന്നും നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ: 17 , തീയതി :29/06/2021)

## 1-32 അംഗീകൃത വാടക ബൈലോ സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത ബൈലോ നിലവിൽ ഇല്ലാത്തതാണ്. ബൈലോ തയ്യാറാക്കി അംഗീകൃതമാക്കി പ്രാബല്യത്തിൽ വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.16/28.06.2021)

## 1-33 ലൈസൻസ് -പെട്രോൾ പമ്പുകളിൽ നിന്ന് ഫീസ് ഈടാക്കിയതിൽ കുറവ്

എൻക്വയറി നമ്പർ-11/28.06.2021

2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് പ്രദേശത്തെ പെട്രോൾ പമ്പുകളിൽ നിന്ന് തുക ഈടാക്കിയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വരുമാനത്തിനനസൃതമായി ഫീസ് ഈടാക്കിയിട്ടില്ല.

പി.കെ.പപ്പു,പൊട്ടേപറമ്പിൽ ,അഷ്ടമിച്ചിറ എന്ന വ്യക്തിയുടെ ഗുരുദേവ് പെട്രോപാർക്ക് ,നന്തിക്കര എന്ന പെട്രോൾ പമ്പിൽ നിന്നും രസീത് നമ്പർ-118070107014/15.3.2019 പ്രകാരം 2050 രൂപയാണ് ഈടാക്കിയിരിക്കുന്നത് . അപേക്ഷയിൽ ഒരു ദിവസത്തെ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത്-190000/-രൂപയാണ്.1996ലെ കേരള പഞ്ചായത്ത് രാജ് ( ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 ന്റെ അനുബന്ധ പട്ടിക 2 പ്രകാരം 1ലക്ഷം രൂപയിലധികം വരുമാനമുള്ളവരിൽ നിന്നും 4000രൂപയിൽ അധികരിക്കാതെ ഫീസ് വാങ്ങാവുന്നതാണ്. ആയതിനാൽ കുറവ് വന്ന തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.കെ.കെ.സിമിൽ ശ്രീ അയ്യപ്പാ പെട്രൊപാർക്ക് ,കൊളത്തൂർ എന്നയാളുടെ അപേക്ഷയിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ടിയാളിൽ നിന്നും രസീത് നമ്പർ-118070106631/7.3.2019 പ്രകാരം 2050രൂപയാണ് ഈടാക്കിയിരിക്കുന്നത്.ദിവസ വരുമാനം അപേക്ഷയിൽ രേഖപ്പെടുത്താതെ തുക ഈടാക്കിയത് ശരിയായ നടപടി അല്ല.

3).നീതു അരുൺ കുമാർ ,തടത്തിൽ കനകമല എന്ന വ്യകതിയുടെ പേരിലുള്ള കൊടകര പെട്രോപാർക്ക് എന്ന സ്ഥാപനത്തിന്റെ ഒരു ദിവസത്തെ വരുമാനം 8000രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ടിയളിൽ നിന്നും രസീത് നമ്പർ 118070105/21.2.2019 പ്രകാരം 2050രൂപ തന്നെ ഈടാക്കിയിട്ടുണ്ട്.നാഷണൽ ഹൈവേയിൽ സ്ഥിതി ചെയ്യുന്ന ഒരു പെട്രോൾ പമ്പിന്റെ വരുമാനം 8000രൂ എന്നത് വിശ്വസനീയമല്ല.8000രൂ ദിവസ വരുമാനത്തിന് പട്ടിക 2 പ്രകാരം ഈടാക്കേണ്ട ഫീസ് ( ദിവസ, വരുമാനം 5000-10000 വരെ) 200 രൂപയാണ്.

ക്രമ നമ്പർ 2&3 ൽ ദിവസ വരുമാനം പരിഗണിച്ചല്ല ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നതെന്നത് വ്യക്തമാണ്.ആവശ്യമായ പരിശോധന നടത്തി ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ലൈസൻസ് വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ അനുവദിച്ചു.

2019-20ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് /മേൽ വിലാസം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | പി.ആർ.ബാബു,ശ്രീ.ഭാഗ്യലക്ഷ്മി സിറാമിക്സ് ,മൂത്രത്തിക്കര | ഫയർ ആന്റ് സേഫ്റ്റി,പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 2 | എം.എ ഷാനവാസ് ,എം.കെ.ഫുട്കെയർ പ്രൊഡക്ട്സ് ,പറപ്പൂക്കര | ഫയർ ആന്റ് സേഫ്റ്റി,പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 3 | ജിനേഷ് പോൾ തമ്പി,എസ് .എസ് പോളിമേഴ്സ് | ഫയർ ആന്റ് സേഫ്റ്റി,പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 4 | കെ.വി രാജു,വാസ്കോ സിറാമിക്സ് | ഫയർ ആന്റ് സേഫ്റ്റി,പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 5 | കെ.കെ.ജോസ് ,കാളൻ ,നെല്ലായി ആയുർവേദ മരുന്ന് നിർമ്മാണം | ഫയർ ആന്റ് സേഫ്റ്റി,പൊല്യൂഷൻ കൺട്രോൾ ബോർഡ് ,ഡ്രഗ് ലൈസൻസ് . |
| 6 | കെ.പി.ജയിംസ് ,കാളൻ ,നെല്ലായി ,ആയുർവേദ മരുന്ന് നിർമ്മാണം | ഡ്രഗ് ലൈസൻസ് . (കാലാവധി 30.11.2017 ൽ കഴിഞ്ഞു.) |
| 7 | ഹരിദാസ് .കെ.കെ കല്ലിങ്ങപ്പുറം ,മൂത്രത്തിക്കര, ആയുർവേദ മരുന്ന് നിർമ്മാണം | ഡ്രഗ് ലൈസൻസ് |

ലൈസൻസ് അനുവദിക്കുമ്പോൾ നിയമപരമായി ഹാജരാക്കേണ്ട രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-35 പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സ് വാടകക്കാർ ലൈസൻസ് എടുത്തിട്ടില്ല.

വാടക രജിസ്റ്റർ,ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വാടകക്കാർ 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്ര നമ്പർ | വാടകക്കാരന്റെ പേര് | ഷോപ്പിങ്ങ് കോംപ്ളക്സ് റൂം നമ്പർ |
|---|---|---|
| 1 | കെ.എസ് .ജോൺസൺ | നെല്ലായി ഷോപ്പിങ്ങ് കോംപ്ളക്സ് റൂം നമ്പർ-3 |
| 2 | ഗോപകുമാർ | ,, റൂം നമ്പർ-6 |
| 3 | രാഘവൻ | ,, റൂം നമ്പർ-7 |
| 4 | ഷമ്മി .എം.കെ | ,,റൂം നമ്പർ-9 |
| 5 | മഹേശ്വരൻ | ,,റൂം നമ്പർ-10 |
| 6 | സാം മനോഹരൻ | ,, റൂം നമ്പർ-11 |
| 7 | ധർമ്മൻ.വി.കെ | തൊട്ടിപ്പാൾഷോപ്പിങ്ങ് കോംപ്ളക്സ് റൂം നമ്പർ-1 |
| 8 | സിന്ധു സന്തോഷ് | ,, റൂം നമ്പർ-3 |
| 9 | ആനി ഫ്രാൻസിസ് | ,,റൂം നമ്പർ-4 |
| 10 | ബെറ്റ്സി ഫ്രാൻസിസ് | ,, റൂം നമ്പർ-5 |
| 11 | Do | ,, റൂം നമ്പർ -6 |
| 12 | ബാബു | ,, റൂം നമ്പർ-7 |
| 13 | സുകുമാരൻ | പഴയ കുടുംബശ്രീ ഓഫീസിൽ വാടകക്ക് പ്രവർത്തിക്കുന്നു. |
| 14 | സംഗീത .പി.യു | പഴയ പഞ്ചായത്ത് ഓഫീസിൽ വാടകക്ക് പ്രവർത്തിക്കുന്നു |

പഞ്ചായത്ത് 2019-20 ൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ മറ്റ് സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്നത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടങ്ങളിലെ വാടകക്കാർ പോലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയെയാണ് സൂചിപ്പിക്കുന്നത്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കുവാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളും നിയമ വിധേയമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-36 ഹീമോഫീലിയ രോഗികൾക്ക് ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകിയത് -സർക്കാർ ഉത്തരവ് വാങ്ങേണ്ടതാണ്.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണോദ്യഗസ്ഥനായ , ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ വെറ്റേറിനറി സയൻസ് വിദ്യാർത്ഥികളായ , വിപിൻ ബാബു, വിനിൽ ബാബു എന്നിവർക്ക് , വൈകല്യം, ഹീമോഫീലിയ എന്ന് കാണിച്ച് ശാരീരിക വൈകല്യമുള്ളവർക്ക് നൽകുന്ന സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് മേൽ ആനുകൂല്യം നൽകുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

## 1-37 അനുവദിക്കാവുന്നപരമാവധി സബ്സിഡി തുക ഗ്രാമപഞ്ചായത്ത്നിശ്ചയിച്ചിട്ടില്ല

കൃഷിഓഫീസർ നടപ്പിലാക്കിയ വാഴക്കൃഷി വികസനം-വനിത(എസ്.സി),വാഴക്കൃഷിവികസനം -വനിത,പച്ചക്കറികൃഷി വികസനം എന്നീപദ്ധതികളിൽ ഗുണഭോക്താക്കൾക്കായി സബ്സിഡി അനുവദിച്ചിട്ടുണ്ട്.സർക്കാർ ഉത്തവ് (കൈ) നം. 22/2018ത.സ്വ.ഭ.വ,തിയ്യതി 14.02.2018ഖണ്ഡിക 6.1ൽ പറഞ്ഞിരിക്കും വിധം ഗ്രാമപഞ്ചായത്ത് പരമാവധി സബ്സിഡി തുക നിശ്ചയിക്കാതെയാണ് സബ്സിഡിതുക അനുവദിച്ചിരിക്കുന്നത്.പദ്ധതിയുടെ വിവരങ്ങളും ഗുണഭോക്താക്കളുടെ ഉദാഹരണങ്ങളും താഴെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതി,ബിൽനമ്പർ | ഗുണഭോക്താക്കളും സബ്സിഡി തുകയും |
|---|---|---|
| 1 | വാഴക്കൃഷി വികസനം വനിത (എസ്.സി) | ലതശശി മാമ്പ്ര വീട് -10000രൂപ |

| | | |
|---|---|---|
| | ബിൽ നം.PPK1/2019-20<br>തിയതി -20.01.2020<br>തുക-300000 രൂപ | ഗീതതങ്കപ്പൻ,കാളത്ത് -10000 രൂപ<br>സുമിത തട്ടാപറമ്പിൽ-10000 രൂപ |
| 2 | വാഴക്കൃഷി വികസനം വനിത<br>ബിൽ നം.PPK2/2019-20<br>തിയതി -20.01.2020<br>തുക -200000 രൂപ | ബിന്ദുസജീവൻ- 21000 രൂപ<br>അനിതഅനിലൻ-14000രൂപ |
| 3 | പച്ചക്കറി കൃഷിവികസനം<br>ബിൽ നം.PPK10/2019-20<br>തിയതി -9.03.2020<br>തുക-10000 രൂപ<br>ബിൽ നം.PPK13/2019-20<br>തിയതി -30.03.2020<br>തുക-45900 രൂപ | അയ്യക്കുട്ടി-11050 രൂപ<br>രാജേഷ്-11600 രൂപ |

സർക്കാർ ഉത്തവ് (കൈ) നം. 22/2018ത.സ്വ.ഭ.വ,തിയ്യതി 14.02.2018ഖണ്ഡിക 6.1ൽ പറഞ്ഞിരിക്കും വിധം ഗ്രാമപഞ്ചായത്ത് പരമാവധി സബ്സിഡി തുക നിശ്ചയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.02/24.06.2021)

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻനടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയിൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്

| | |
|---|---|
| പദ്ധതി നമ്പർ | S0129/20 |
| ബിൽ നമ്പർ,തിയ്യതി | GP1/19-20,09.02.2020 |
| തുക | 312500 രൂപ |
| ഫണ്ട് | വികസനഫണ്ട് ജനറൽ |

ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി.യിൽനിന്നും ലഭ്യമാക്കേണ്ടതാണ്.04/20,05/20 എന്നീ മാസങ്ങളിൽ കാലിത്തീറ്റ കൈപറ്റിയതിനുശേഷം പദ്ധതിയിൽ തുടരാത്ത ശശിധരൻ ചെറാക്കുളം എന്ന ഗുണഭോക്താവിന് വേണ്ടി അടവാക്കിയ പദ്ധതിവിഹിതത്തിൽ അവശേഷിക്കുന്ന തുക എസ്.എൽ.ബി.പി.യിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.03/24.06.2021)

## 1-39 പദ്ധതി നടത്തിപ്പിൽ ഗുണഭോക്തൃവിഹിതം വിനിയോഗിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
പദ്ധതി നം.11/20,വാട്ടർ ടാങ്ക് വിതരണം
ബിൽ നം.13/19-20 Dt.20.01.2020,Rs.180000,SCP.
ബിൽ നം.20/19-20 Dt.31.03.2020,Rs.400,ഗുണഭോക്തൃവിഹിതം

2019-20 ൽ പദ്ധതിയുടെ ആകെ ചെലവ് 180400 രൂപയാണ്.ഇതിൽ 180000രൂപ SCPഫണ്ടും 400 രൂപ ഗുണഭോക്തൃവിഹിതവുമാണ്.75 വാട്ടർ ടാങ്കുകൾ വാങ്ങിയതിന് ഓഷ്യൻ പോളിമേഴ്സിനാണ് തുക നൽകിയിരിക്കുന്നത് .സർക്കാർ ഉത്തവ് (കൈ) നം. 22/2018ത.സ്വ.ഭ.വ, തിയ്യതി 14.02.2018 ഖണ്ഡിക 6.6 പ്രകാരം ഗുണഭോക്തൃവിഹിതം 25%ൽ കുറയാത്ത തുക ആയിരിക്കേണ്ടതാണ്.മേൽപ്രകാരം തുക ചെലവഴിച്ചപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല.ഇക്കാരണത്താൽ പ്ലാൻഫണ്ടിൽനിന്നും അധികം ചെലവഴിച്ച തുക ( 75 ഗുണഭോക്താക്കളുടെ വിഹിതമായ 75x600=45000രൂപ)പ്ലാൻ ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി 09/28.06.21)

## 1-40 ജി എസ് ടി - കരാറുകാർ ഇൻവോയ്സ് ഹാജരാക്കുന്നില്ല.

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം . തീ 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ് ,ബിൽ എന്നിവ തയ്യാറാക്കുകയും ,ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത്

പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു.ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമല്ല,റിട്ടേൺ സമർപ്പിക്കേണ്ടതില്ല.എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്.GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം , നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത് ,കരാറുകാർക്ക് (സേവനദാതാവിന് ) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2019-20 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല.

2019-20 വർഷം നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000 രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അളവ് പുസ്തകം | ജി.എസ്.ടി ഉൾപ്പെടെ പ്രവൃത്തി മൂല്യം | ജി.എസ്.ടി | കരാറുകാരൻ |
|---|---|---|---|---|---|---|
| 1 | 23 | നന്തിക്കര ആൽ പരിസരത്തെ കാന പൂർത്തികരണം | 443/18-19 | 95,990 | 10285 | ശ്രീ.കെ ആർ അനന്തരാമൻ |
| 2 | 77 | ആലത്തൂർ ഹെൽത്ത് സെന്റർ | 439/18-19 | 1,77,135 | 18979 (2% Tds കുറവ് ചെയ്തിട്ടുണ്ട് ) | ശ്രീ. നാരായണൻ പി ആർ |
| 3 | 95 | കൊളത്തൂർ സെന്ററിൽ വെള്ളക്കെട്ട് ഒഴിവാക്കൽ | 440/18-19 | 1,83,565 | 19668 | ശ്രീ.കെ ആർ അനന്തരാമൻ |
| 4 | 96 | നെല്ലായി ഷോപ്പിംഗ് കോപ്ലക്സ് മെയിന്റനൻസ് | 36/18-19 | 184007 | 19715 | ശ്രീ. ബാലകൃഷ്ണൻ ടി കെ |
| 5 | 102 | കേശവൻ നമ്പൂതിരി സ്മാരക റോഡ് കാന നിർമാണം | 445/18-19 | 1,66,555 | 17845 | ശ്രീ.സുജിത് സുരേന്ദ്രൻ |
| 6 | 250 | ഉളുമ്പത്ത് കുന്ന് കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾ | 214/18-19 | 62,763 | 6724.63 | ശ്രീ. നാരായണൻ പി ആർ |
| | | ആകെ | | | 63952.63 | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(5 തീ 25/06/2021) ഇനിയുള്ള പ്രവർത്തികൾക്ക് കരാറുകാരിൽ നിന്ന് ഇൻവോയ്സ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്.(നം.എ3/5529/2021 തീ 28/6/2021).

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് കരാറുകാർ 2019-20 ൽ ഇൻവോയ്സ് തയ്യാറാക്കിയിട്ടുണ്ടാവും.ആ ഇൻവോയ്സ്/ അല്ലെങ്കിൽ അതിന്റെ പകർപ്പ് /അല്ലെങ്കിൽ ഈ തുക കരാറുകാരുടെ ഔട്ട്പുട്ട് ടാക്സിൽ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ചു എന്നതിന് തെളിവ് കരാറുകാരിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

## 1-41 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

ജി.ഒ.(പി)419/2011/ധനം തീയതി 4-10-2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (കെ.എഫ്.സി അനുച്ഛേദം 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ച് പിടിക്കണം എന്നും, ഇങ്ങനെ തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20വർഷം അനുവദിച്ച താഴെ പറയുന്ന അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.മേൽ ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ ഈ വിഷയത്തിൽ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21900071/25.04.2019 | 1400 | യാത്രക്ക് മുൻകൂർ നൽകിയത് ശ്രീ.നെൽസൺ.പി.എ(വൈസ് പ്രസിഡന്റ്) |
| 2 | 21900171/22.05.2019 | 7532 | കറന്റ് ചാർജ്ജ് മെഡിക്കൽ ഓഫീസർ (അലോപ്പതി)ക്ക് നൽകിയത്. |
| 3 | 21900172/22.05.2019 | 2255 | ,, |
| 4 | 21900173/22.05.2019 | 2100 | ,, |
| 5 | 21900680/16.10.2019 | 10000 | കേരളോത്സവം സെക്രട്ടറിക്ക് മുൻകൂർ നൽകിയത്. |
| 6 | 21900723/25.10.2019 | 10000 | ,, |
| 7 | 21900773/05.11.2019 | 20000 | ,, |
| | ആകെ | 53287/- | |

## 1-42 ജനറൽ കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

താഴെ പറയുന്ന കമ്മിറ്റി തീരുമാനത്തിന്റെ തുടർനടപടികൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.13,തിയതി.28-6-2021)

1. 7-5-2019 ലെ അജണ്ട-7,തീരുമാനം-1

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നം-15/2019 പ്രകാരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്ക് വേണ്ടി വാട്ടർ അതോറിറ്റിയിൽ 5 ലക്ഷം രൂപാ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.തുടർ നടപടികൾ വാട്ടർ അതോറിറ്റിയിൽ നിന്നും അറിയാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2. 27-9-2019 ലെ അജണ്ട-1, തീരുമാനം-6

2018-19 ൽ സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ട് നം.13/2019ൽ കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും നൽകിയ എസ്റ്റിമേറ്റ് പ്രകാരം ,150000/രൂപാ അടവാക്കിയിട്ടുള്ളതാണ്. എന്നാൽ , 17-9-2019 ന് , കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും നൽകിയ കത്തിൽ ഈ പ്രവർത്തിക്കായി,91277/രൂപാ ചെലവായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 2018-19 ൽ ആരംഭിച്ച ഈ പദ്ധതി, 2019-20ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാക്കി വന്ന തുക കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കാൻ തീരുമാനിച്ചു.

3. 25-1-2019 ലെ അജണ്ട 1

2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി സംബന്ധിച്ച്, ഫയൽ നം-A2-8549/2019

സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കായി കരാറിൽ ഏർപ്പെട്ട അമ്മിണി ലൈറ്റ്സ് നാളിതുവരെയായിട്ടും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലാത്തതാണ്. ആയതിനാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

കമ്മിറ്റി തീരുമാനം സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 വിനിയോഗ സാക്ഷ്യപത്രം ഇല്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|
| 1 | 135/20 | ക്യാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 21900685/18.10.2019-80000/-രൂ |
| | | | |

| | | | |
|---|---|---|---|
| 2 | 118/20 | കൊളത്തൂർചാൽറോഡിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി വക്കൽ | 29/6.12.2019-22517/- |
| 3 | 189/20 | ABC പ്രോഗ്രാം | 21900500/29.8.2019-210000/-രു |

തുക കൈമാറിയ സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം വാങ്ങി കൈമാറിയ തുക മുഴുവനായും അതേ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-44 സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർഫിൽറ്റർ സ്ഥാപിക്കൽ -വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.

പദ്ധതി നമ്പർ 125/20

നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

ബിൽ നമ്പർ-30/11.11.2019

എൻക്വയറി നമ്പർ-1/23.06.2021

2019-20 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 'സ്വജൽധാര കുടിവെള്ള പദ്ധതിക്ക് പ്രഷർഫിൽറ്റർ സ്ഥാപിക്കൽ ' എന്ന പദ്ധതിക്കായി 430000/-രു വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു . വാട്ടർ അതോറിറ്റി എക്സി.എൻജിനീയറുടെ (പി.എച്ച്.ഡിവിഷൻ ഇരിങ്ങാലക്കുട) എ1-5079/19 തീ.05.02.2021 ലെ കത്ത് പ്രകാരം 343967/- രൂപക്കാണ് വാട്ടർ അതോറിറ്റി വിനിയോഗ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്.പഞ്ചായത്ത് കമ്മറ്റിയുടെ 3.3.2021 ലെ നമ്പർ തീരുമാന പ്രകാരം ബാലൻസ് തുക(86033/-രു) തിരികെ ഈടാക്കേണ്ട എന്നും 2020-21 വർഷത്തെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വിനിയോഗിക്കാമെന്നും തീരുമാനമെടുത്തു.എന്നാൽ 2020-21 ലെ പദ്ധതി നമ്പർ-36/2021 ആയി നടപ്പിലാക്കിയ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല. 2019-20 ൽ ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കിയ സ്വജൽധാര പദ്ധതിയിലെ ഡെപ്പോസിറ്റ് തുക 430000/-രു 21900827/18.10.2019 നമ്പർ വൗച്ചർ പ്രകാരം 2 ൽ തുടങ്ങുന്ന ഹെഡ്ഡിൽ ചെലവായി കാണിച്ചു. പ്രസ്തുത തുക 4 ൽ തുടങ്ങുന്ന ഹെഡ്ഡിൽ ഡെപ്പോസിറ്റ് ആയാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്.തുടർന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്കാണ് (പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ ആയതിനാൽ) പ്രസ്തുത തുക 4 ൽ തുടങ്ങുന്ന ഹെഡ്ഡിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നത് . നിലവിൽ ബാലൻസ് തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപമായി തുടരുന്നുണ്ടെങ്കിലും തെറ്റായ രീതിയിൽ അക്കൗണ്ട് ചെയ്തതിനാൽ വാർഷിക കണക്ക പ്രകാരം ബാലൻസ് ആയി കാണുന്നില്ല. കൂടാതെ 2020-21 ൽ ബാലൻസ് തുക 86033/-രൂപ തൻ വർഷത്തെ പദ്ധതിക്കായി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ പ്രസ്തുത തുക നിലവിൽ വാട്ടർ അതോറിറ്റിയിൽ മൃത നിക്ഷേപമായി തുടരുകയാണ്. തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 കുടിവെള്ള വിതരണം -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

പദ്ധതി നമ്പർ-190/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വൗച്ചർ നമ്പർ-21900714/24.10.2019-144856/-രു(IT-1464/-രു)

&21901223/13.3.2020-39287/-രു

വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ (അടങ്കൽ-450000/-രു) ചെലവ് 303680 രൂപ കഴിച്ച് ബാലൻസ് തുക പ്രളയക്കെടുതിയിൽ ശുദ്ധജലം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക്ജലവിതരണത്തിനായി ചെലവഴിക്കുവാനും വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്ത കരാറുകാരന് തന്നെ കരാർ നൽകുവാനും പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു.(20.08.2019 ലെ 1(5) തീരുമാനം ). കരാറിലെ നിബന്ധന പ്രകാരം കുടിവെള്ളത്തിന്റെ സ്രോതസ്സ് ,വെള്ളത്തിന്റെ ഗുണമേന്മ,എന്നിവ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ബോദ്ധ്യപ്പെടുത്തണമെന്നും കുടിവെള്ളം വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കണ്ടതുമാണ്.ദുരന്ത നിവാരണ (ബി) വകുപ്പിന്റെ DMB 2/32/2019/-DMD തീയതി .20.03.2019 പ്രകാരം ശുദ്ധജല വിതരണ ബില്ലുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ അനുവദിക്കാവൂ.

1.) ജല അതോറിറ്റിയുടെ അംഗീകൃത സ്രോതസ്സിൽ നിന്നായിരിക്കണം ജലം എത്തിക്കേണ്ടതാണ്.

2.) ജല മലിനീകരണം ഇല്ല എന്ന് ജല അതോറിററിയോ/ഭക്ഷ്യ സുരക്ഷ വകുപ്പോ സാക്ഷ്യപ്പെടുത്തണം

3.)GPS ട്രിപ്പ് ഷീറ്റ് ഉണ്ടായിരിക്കണം.

വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിൽ മേൽ പറഞ്ഞ നിബന്ധനകൾ പാലിച്ചിരുന്നു. എന്നാൽ പ്രളയക്കെടുതിയിൽ ശുദ്ധജലം ലഭ്യമല്ലാത്ത കുടുംബങ്ങൾക്ക് ജലവിതരണം നടത്തിയതിൽ മേൽ സൂചിപ്പിച്ച കരാറിലേയും സർക്കാർ ഉത്തരവിലേയും നിബന്ധനകൾ പാലിക്കപ്പെട്ടില്ല.പഞ്ചായത്ത് കമ്മറ്റിയുടെ 11.10.2019 ലെ 2(3) നമ്പർ തീരുമാന പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.39287 രൂപ പദ്ധതി റിവൈസ് ചെയ്യാതെയാണ് കരാറുകാരന് അനുവദിച്ച് നൽകിയത്. സർക്കാർ ഉത്തരവിലെ

നിബന്ധന പാലിക്കാത്തതിനാൽ പ്രളയത്തോടനുബന്ധമായി നടത്തിയ കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക (146320+39287=185607രൂ ) തടസ്സപ്പെടുത്തുന്നു.

## 1-46 തെരുവ് വിളക്ക് അറ്റകുറ്റപ്പണി പ്രവൃത്തികൾ -കരാർ ചമച്ചതിലെ അപാകതകൾ

പദ്ധതി നമ്പർ-1) 181/2020(സ്പിൽ ഓവർ)

2) 240/2020

3)115/2020

നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി 3 പദ്ധതികളാണ് 2019-20ൽ നടപ്പിലാക്കിയത്. 2018-19 ൽ 112/19 ആയി നടപ്പിലാക്കിയ പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി 181/20, അടിയന്തിര അറ്റകുറ്റപ്പണിക്കായി നടപ്പിലാക്കിയ 240/20, NEW PROJECT ആയി നടപ്പിലാക്കിയ 115/20. 2018 19 ൽ നടപ്പിലാക്കിയ പദ്ധതിയുടെ (115/2020) കരാർ പ്രകാരം ഒരു വർഷത്തേക്കാണ് കരാർ വച്ചിരുന്നത്.എന്നാൽ ഏത് തീയതി മുതലാണ്കരാർ ആരംഭിക്കുന്നതെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.അമ്മാസ് പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചിരിക്കുന്നത് 7.2.2019 നാണ് .ആയതിൽ നിന്നും 7.2.2019 ന് ശേഷമാണ് കരാർ വച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. ആയതു പ്രകാരം ഒരു വർഷത്തേക്ക് കരാർ എന്നത് 2/2020 വരെയുള്ളതാണ് . ഈ പദ്ധതിയുടെ സ്പിൽ ഓവറായി നടപ്പിലാക്കിയ 181/20 പദ്ധതിയിൽ 7.2.2019 മുതൽ 31.3.2019 വരെയുള്ള കാലയളവിലെ അറ്റകുറ്റപ്പണികളുടെ തുക മാത്രമാണ് അടങ്കലായി ഉൾപ്പെടുത്തിയത്.അടിയന്തിര അറ്റകുറ്റപ്പണിക്കായി നടപ്പിലാക്കിയ 240/20 പദ്ധതിയിൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനായി പദ്ധതി രൂപീകരണം വൈകും എന്ന കാരണത്താലാണ് അടിയന്തിര പദ്ധതിയായി 50000/രൂ അടങ്കലായി പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്നു.2018-19 ലെ പദ്ധതിയിൽ 2/2020 വരെ കരാർ നിലനിൽക്കെ ആയതിന്റെ സ്പിൽ ഓവർ പദ്ധതിയിൽ 2/2020 വരെയുള്ള അറ്റകുറ്റപ്പണികളുടെ തുക വകയിരുത്തേണ്ടതിനു പകരം അടിയന്തിര പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കേണ്ടി വന്നു. 115/20 ആയി നടപ്പിലാക്കിയ പദ്ധതിയിൽ 6.9.2019 മുതൽ 31.3.2020വരെ യാണ് കാലാവധി.2/2020 വരെ കരാർ നിലനിൽക്കെ വീണ്ടും അതേ കാലയളവിൽ തന്നെ പുതിയ പദ്ധതിക്കായി കരാർ വച്ചു.

ഇപ്രകാരം ശരിയായ പരിശോധന നടത്താതെ കരാർ വക്കുന്നതിനാൽ അനാവശ്യമായി പദ്ധതികൾ രൂപീകരിക്കേണ്ടതായി വരുന്നതിലൂടെ സമയനഷ്ടം സംഭവിക്കുന്നു.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-47 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക അനുവദിച്ചു.

പദ്ധതി നമ്പർ-115/20

നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

ബിൽ നമ്പർ-34/21-1-2019, തുക-336661/

ഓഡിറ്റ് എൻക്വയറി നമ്പർ-4/25.6.2021

2019-20 ൽ പദ്ധതി നമ്പർ-115/20 ആയി നടപ്പിലാക്കിയ പദ്ധതിയിൽ 8.8.2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(2) നമ്പർ തീരുമാന പ്രകാരം 1 തെരുവ് വിളക്കിന് 1 വർഷത്തേക്കുള്ള നിരക്കാണ് അംഗീകരിച്ചിരിക്കുന്നത്.(ശ്രീ.റിയാസ് ,അമ്മാസ് പവർ കോൺട്രാക്ടേഴ്സ് ) ആയതു പ്രകാരമുള്ള നിരക്ക് താഴെ ചേർക്കുന്നു.

സിഎഫ്എൽ-435 എണ്ണത്തിന് @440രൂ

ട്യൂബ് സെറ്റ് 1775 എണ്ണത്തിന് @590 രൂ

ബൾബ് 55എണ്ണത്തിന് @ 10 രൂ

എൽഇഡി 190എണ്ണത്തിന് @ 440രൂ

കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ് നമ്പർ-16-27.12.2019& 18-25.3.2020 ,മെമ്പർമാരുടെ സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധിച്ചതിൽ 234 എണ്ണം എൽ ഇ ഡി അറ്റകുറ്റപ്പണി നടത്തിയതിന് തുക നൽകിയിട്ടുണ്ട്.190 എൽഇഡിക്ക് കരാർ നൽകിയ ശേഷം 234 എണ്ണത്തിന്റെ അറ്റകുറ്റപ്പണിക്ക് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഒരേ വിളക്കിന് 2 തവണ അറ്റകുറ്റപ്പണി നടത്തിയതിന് തുക നൽകിയതായി കാണുന്നു.1 വർഷത്തേക്കുള്ള നിരക്കാണ് കരാറുകാരൻ അംഗീകരിച്ചിരിക്കുന്നതെന്നിരിക്കെ ഒരേ വിളക്കിന് 2 തവണ അറ്റകുറ്റപ്പണിക്ക് തുക നൽകേണ്ടതില്ല.വിശദാംശം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | സിംഗിൾ ട്യൂബ് (2 തവണ തുക നൽകിയത്) | സിഎഫ് എൽ (2 തവണ തുക നൽകിയത്) |
|---|---|---|
| 1 | Ppk-Mv-18,Mv-21,Crp-Mlg-13-3,16,Ma30 | Nil |
| 2 | TPR-19/15 | TPR-16 |
| | | |

| | | |
|---|---|---|
| 3 | NIL | TPR-61/5,61/6 |
| 4 | PPK-KKK-1 | NIL |
| 5 | NHO-29/3,PLR-10 | NIL |
| 6 | NIL | NIL |
| 7 | TA-7 | TA-5/2 |
| 8 | AKH-47 | NIL |
| 9 | AMC-10/4,AKR-14,TT-18 | VA-106 |
| 10 | VA-5 | VA-12/8,VEH-14 |
| 11 | VV-23/1,NLP-16 | NN-193/5,193/6 |
| 12 | NLP-47 | NLP-57/23,MPR-39,PA-17/1 |
| 13 | NIL | NIL |
| 14 | NIL | MP-16,MP-42 |
| 15 | PSR-10,NN-77/1,NN-70/8,AK-12 | AK-5 |
| 16 | PPK-NTM-30,28/1,24,21/9,NN-24/5 | NTM-9/30 |
| 17 | PPK/TMP-29 | TMP-14/24 |
| 18 | PPK-NTD-79,75/25,PPK-TM-20,TM-33 | NIL |
| ആകെ | 32 | 17 |

മേൽ പ്രകാരം ട്യൂബ് 32 എണ്ണത്തിനും സിഎഫ്എൽ 17 എണ്ണത്തിനും 2 തവണ അറ്റകുറ്റപ്പണിക്കുള്ള ചാർജ്ജ് നൽകി.ട്യൂബ് 32 എണ്ണത്തിന് അധികമായി നൽകിയ 32X590=18880രൂപയും സിഎഫ്എൽ 17 എണ്ണത്തിന് അധികമായി നൽകിയ 17X440=7480 രൂപയും കരാറിനു വിരുദ്ധമായി എൽഇഡി 44 എണ്ണത്തിന് അറ്റകുറ്റപ്പണിക്കായി നൽകിയ 44X440=19360 രൂപയും ആകെ 45720/- രൂ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-48 പോങ്കോത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

ബിൽ നമ്പർ-1/6.7.2019-234250/-
-7/26.8.2019-264149/-

ഓഡിറ്റ് എൻക്വയറി നമ്പർ-10/28.06.2021

1)2014-15

പദ്ധതി നമ്പർ-171/15

അടങ്കൽ-436000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),64000/-രൂ(തനത് ഫണ്ട് ),50000/-രൂ മെയിന്റനൻസ് നോൺ റോഡ് )

2) 2015-16(Spill Over)

പദ്ധതി നമ്പർ-143/16

അടങ്കൽ-436000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),64000/-രൂ(തനത് ഫണ്ട് ),50000/-രൂ മെയിന്റനൻസ് നോൺ റോഡ് )

3)2016-17(Spill Over)

അടങ്കൽ-436000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),64000/-രൂ(തനത് ഫണ്ട് ),50000/-രൂ മെയിന്റനൻസ് നോൺ റോഡ് )

4)2017-18 (NEW) 271/18

അടങ്കൽ-585000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),65000/-രൂ(ഗുണഭോക്തൃ വിഹിതം)

5)2018-19 (193/19) Spill Over

അടങ്കൽ-585000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),65000/-രൂ(ഗുണഭോക്തൃ വിഹിതം)

ചെലവ് 50000/രൂ ചെക്ക് നമ്പർ-1419402/31.3.2019&വൗച്ചർ നമ്പർ-21801391/31.3.2019

6) 2019-20 (Spill Over) 176/20

അടങ്കൽ-585000/-രൂ(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ),15000/-രൂ(ഗുണഭോക്തൃ വിഹിതം)

12ാം പദ്ധതി കാലയളവിൽ (2012-17) 2014-15 ൽ 550000/-രു അടങ്കലായി ആവിഷ്കരിച്ച പോങ്കോത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വൈദ്യുതീകരണം എന്ന പദ്ധതി 2019-20 ലാണ് (അടങ്കൽ-650000/-രു) പൂർത്തീകരിച്ചിരിക്കുന്നത്. 12ാം പദ്ധതി കാലയളവിൽ 2014-15 ൽ തുടങ്ങി 2016-17 വരെ സ്പിൽ ഓവറാക്കിയ പദ്ധതി നടപ്പിലാക്കാതെ 13ാം പദ്ധതി കാലയളവിൽ (2018-22) 2017-18 NEW PROJECT ആയി ആവിഷ്കരിച്ച ശേഷം 2019 മാർച്ചിൽ ആണ് പൂർത്തീകരിച്ചത്. പ്ളാൻ ഫണ്ട് തീർന്നതിനാൽ 2019-20 ലും സ്പിൽ ഓവറാക്കി. 12ാം പദ്ധതി, 13ാം പദ്ധതി മാർഗ്ഗരേഖകളിൽ ഒരു പദ്ധതി സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (29.06.2021 ൽ നൽകിയത്) 12ാം പദ്ധതികാലയളവിൽ പദ്ധതി നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കിയില്ല.2018-19 ൽ സ്പിൽ ഓവർ ആക്കിയ പദ്ധതി പ്രളയത്തെ തുടർന്ന് മോട്ടോർ ഷെഡ്ഡിന് ഉൾപ്പെടെ നാശം സംഭവിച്ചതിനാലാണ് പൂർത്തീകരിക്കുവാൻ കാലതാമസം വന്നതെന്ന് മറുപടി ലഭ്യമാക്കി.എന്നാൽ കരാറുകാരന് കരാർ കാലാവധിയായ 31.03.2018 നകം പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ട്എ2-1086/18/13.03.2018 ൽ നൽകിയ കത്ത് ഫയലിൽ ഉണ്ട്. 2016-17 ലെ സ്പിൽ ഓവർ ആയതിനാൽ 31.03.2018 നകം പദ്ധതി പൂർത്തീകരിക്കാത്ത പക്ഷം 2018-19 ലേക്ക് ഫണ്ട് വകയിരുത്തുവാൻ സാധിക്കില്ല എന്ന് കത്തിൽ അറിയിച്ചിട്ടുണ്ട്.എന്നാൽ 2018-19 ലും പദ്ധതി സ്പിൽ ഓവറാക്കി. പദ്ധതി പൂർത്തീകരണം വൈകിയത് സംബന്ധിച്ച് കരാറുകാരന് കത്ത് നൽകിയതായോ കരാറുകാരൻ സമയം ദീർഘിപ്പിച്ചു തരുവാൻ ആവശ്യപ്പെട്ടതായോ ഫയലിൽ ഇല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ ഉത്തരവുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.അല്ലാത്ത പക്ഷം സമയനഷ്ടത്തിനും അമിതവ്യയത്തിനും ഇടയാകുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി -കരാറുകാരന് അധിക തുക അനുവദിച്ചു.

പദ്ധതി നമ്പർ-115/20

നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

ബിൽ നമ്പർ-34/21-1-2019, തുക-336601/

ഓഡിറ്റ് എൻക്വയറി നമ്പർ-4/25.6.2021

2019-20 ൽ പദ്ധതി നമ്പർ-115/20 ആയി നടപ്പിലാക്കിയ പദ്ധതിയിൽ 8.8.2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(2) നമ്പർ തീരുമാന പ്രകാരം 1 തെരുവ് വിളക്കിന് 1 വർഷത്തേക്കുള്ള നിരക്കാണ് അംഗീകരിച്ചിരിക്കുന്നത്.(ശ്രീ.റിയാസ് ,അമ്മാസ് പവർ കോൺട്രാക്റ്റേഴ്സ് ) ആയതു പ്രകാരമുള്ള നിരക്ക് താഴെ ചേർക്കുന്നു.

സിഎഫ്എൽ-435 എണ്ണത്തിന് @440രു

ട്യൂബ് സെറ്റ് 1775 എണ്ണത്തിന് @590 രു

ബൾബ് 55എണ്ണത്തിന് @ 10 രു

എൽഇഡി 190എണ്ണത്തിന് @ 440രു

കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ് നമ്പർ-16-27.12.2019& 18-25.3.2020 ,മെമ്പർമാരുടെ സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധിച്ചതിൽ 234 എണ്ണം എൽ ഇ ഡി അറ്റകുറ്റപ്പണി നടത്തിയതിന് തുക നൽകിയിട്ടുണ്ട്.190 എൽഇഡിക്ക് കരാർ നൽകിയ ശേഷം 234 എണ്ണത്തിന്റെ അറ്റകുറ്റപ്പണിക്ക് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഒരേ വിളക്കിന് 2 തവണ അറ്റകുറ്റപ്പണി നടത്തിയതിന് തുക നൽകിയതായി കാണുന്നു.1 വർഷത്തേക്കുള്ള നിരക്കാണ് കരാറുകാരൻ അംഗീകരിച്ചിരിക്കുന്നതെന്നിരിക്കെ ഒരേ വിളക്കിന് 2 തവണ അറ്റകുറ്റപ്പണിക്ക് തുക നൽകേണ്ടതില്ല.വിശദാംശം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | സിംഗിൾ ട്യൂബ് (2 തവണ തുക നൽകിയത്) | സിഎഫ് എൽ (2 തവണ തുക നൽകിയത്) |
|---|---|---|
| 1 | Ppk-Mv-18,Mv-21,Crp-Mlg-13-3,16,Ma30 | Nil |
| 2 | TPR-19/15 | TPR-16 |

| | | |
|---|---|---|
| 3 | NIL | TPR-61/5,61/6 |
| 4 | PPK-KKK-1 | NIL |
| 5 | NHO-29/3,PLR-10 | NIL |
| 6 | NIL | NIL |
| 7 | TA-7 | TA-5/2 |
| 8 | AKH-47 | NIL |
| 9 | AMC-10/4,AKR-14,TT-18 | VA-106 |
| 10 | VA-5 | VA-12/8,VEH-14 |
| 11 | VV-23/1,NLP-16 | NN-193/5,193/6 |
| 12 | NLP-47 | NLP-57/23,MPR-39,PA-17/1 |
| 13 | NIL | NIL |
| 14 | NIL | MP-16,MP-42 |
| 15 | PSR-10,NN-77/1,NN-70/8,AK-12 | AK-5 |
| 16 | PPK-NTM-30,28/1,24,21/9,NN-24/5 | NTM-9/30 |
| 17 | PPK/TMP-29 | TMP-14/24 |
| 18 | PPK-NTD-79,75/25,PPK-TM-20,TM-33 | NIL |
| ആകെ | 32 | 17 |

മേൽ പ്രകാരം ട്യൂബ് 32 എണ്ണത്തിനും സിഎഫ്എൽ 17 എണ്ണത്തിനും 2 തവണ അറ്റകുറ്റപ്പണിക്കുള്ള ചാർജ്ജ് നൽകി.ട്യൂബ് 32 എണ്ണത്തിന് അധികമായി നൽകിയ 32X590=18880രൂപയും സിഎഫ്എൽ 17 എണ്ണത്തിന് അധികമായി നൽകിയ 17X440=7480 രൂപയും കരാറിനു വിരുദ്ധമായി എൽഇഡി 44 എണ്ണത്തിന് അറ്റകുറ്റപ്പണിക്കായി നൽകിയ 44X440=19360 രൂപയും ആകെ 45720/-രൂ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 600000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 600000 | 0 |
| | | 400000 | മാനസികശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | | 300000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം | 300000 | 0 |
| | | 200000 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ | 61038 | 138962 |
| | | 280000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് | 280000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി | | |
| | | 100000 | അഗതിരഹിത കേരളം | 0 | 100000 |
| | | 200000 | ഗൃഹകേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം | 168423 | 31577 |
| | | 1100000 | ലൈഫ് ഭവനപദ്ധതി എസ് സി | 0 | 1100000 |
| | | 810000 | ലൈഫ് ജനറൽ | 810000 | 0 |
| | | 100000 | പച്ചക്കറി കൃഷി വികസന പദ്ധതി ജനറൽ | 100000 | 0 |
| | | 197120 | ലൈഫ് ഭവന നിർമാണം (പട്ടികജാതി വിഭാഗം) | 197120 | 0 |
| ജില്ലാ പഞ്ചായത്ത് | | 300000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 300000 |
| | | 500000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം | 0 | 500000 |
| | | 421812 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ | 0 | 421812 |
| | | 200000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 400000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ജനറൽ | 0 | 400000 |
| | | 1000000 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 0 | 1000000 |
| | | 500000 | ഗൃഹകേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം | | |
| | | 500000 | പറപ്പൂക്കര പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | 3000000 | ലൈഫ് ജനറൽ | | 2242800 |
| | | 100000 | പച്ചക്കറി കൃഷി വികസന പദ്ധതി ജനറൽ | 45900 | 54100 |
| | | 55000 | കേരളാ ലാന്റ് യൂസ് ബോർഡ് നടപ്പാക്കുന്ന കരുവന്നൂർ നദീതട പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 0 | 55000 |
| | | 1000000 | പ്രളയത്തിൽ തകർന്ന 105-ാം നമ്പർ അങ്കണവാടി പുനർ നിർമാണം | 1000000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000 | - | - |
| കേരള വാട്ടർ അതോറിറ്റി | സ്വജൽധാരാ കുടിവെള്ള പദ്ധതിക്ക് ഫിൽട്രേഷൻ വാർഡ് 16 | 430000 | 343967 | 86033 |
| കെ.എസ്.ഇ.ബി. | വാർഡ് -09- കൊളത്തൂർ ചാൽ റോഡിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22517 | - | - |

പഞ്ചായത്ത് നല്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരംകേരള വാട്ടർ അതോറിറ്റി 650000 രൂപയും KSEB 63600 രൂപയും വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ശതാബ്ദി ഭവന പദ്ധതി | സ.ഉ(എം എസ്) നം.83/13/ തസ്വഭവ | 14600000 | 8600000 | 1880000 | 931514 | 6720000 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | 605222 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 605222 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 605222 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈ ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-6 | 2002-03 മുതൽ 2016-17 | 2-6 | BSNL 2014-15തൊഴിൽ നികുതി | 119070103344/27-9-2019 രസീത് പ്രകാരം അടവാക്കി |
| 2014-15 | 2-9 | 2016-17 | 2-9 | വീട് അറ്റകുറ്റപ്പണി | രേഖ നശിച്ച് പോയതിനാൽ ഒഴിവാക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഭരണസമിതിയുടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71571160 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61138668 |
| വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45720 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 185607 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ്തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-47 | | 45720 | അജിത.കെ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-45 | 185607 | അജിത.കെ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത.കെ,സെക്രട്ടറി | സെക്രട്ടറി,പറപ്പൂക്കര പഞ്ചായത്ത് | നെടിയപറമ്പത്ത് ഹൗസ്, കൊളത്തൂർ, നെല്ലായി 680305 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96<br>96-97<br>97-98<br>98-99<br>99-00 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |

| | |
|---|---|
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-773/19 തി.12.06.2019 |
| 18-19 | കെ.എസ്.എ.-ടി.എസ്.ആർ.(പി.10)1316/2020 തീയതി. 15/12/2020 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്